# KERALA SCHOOL TEACHERS ASSOCIATION (KSTA)

Academic Sub Committee

**M**

# C M KIDS SCHOLARSHIP - LP MODEL EXAMINATION 2026

**പേപ്പർ 1**

| | | | | | | | |
|---|---|---|---|---|---|---|---|
| **രജിസ്റ്റർ നമ്പർ** | **അക്കത്തിൽ** | | | | | | |
| | **അക്ഷരത്തിൽ** | | | | | | |

**സമയം : 2 മണിക്കൂർ** **ആകെ സ്കോർ : 50**

**നിർദേശങ്ങൾ**

1. പരീക്ഷാ സമയമായ 2 മണിക്കൂറിൽ 15 മിനിട്ട് കൂൾ ഓഫ് ടൈം (സമാശ്വാസ സമയം) ആയിരിക്കും.
2. പേപ്പർ ഒന്നിൽ ഓപ്ഷനിൽ ശരിയുത്തരത്തിനു നേരെയുള്ള ബോക്സിൽ ☐ ടിക്ക് ✓മാർക്ക് ചെയ്യണം.
3. പേപ്പർ ഒന്നിൽ ആകെ 50 ചോദ്യങ്ങളാണുള്ളത്. ഓരോ ചോദ്യത്തിനും ഒരു സ്കോർ വീതമായിരിക്കും.
4. പേപ്പർ ഒന്നിൽ 1 മുതൽ 10 വരെ ചോദ്യങ്ങൾ ഒന്നാം ഭാഷയിലും 11 മുതൽ 20 വരെയുള്ള ചോദ്യങ്ങൾ ഇംഗ്ലീഷും 21 മുതൽ 30 വരെ ചോദ്യങ്ങൾ ഗണിതവും 31 മുതൽ 40 വരെയുള്ള ചോദ്യങ്ങൾ പരിസരപഠനവും 41 മുതൽ 50 വരെ ചോദ്യങ്ങൾ പൊതുവിജ്ഞാനത്തിൽ നിന്നുമാണ്.
5. ബുക്ക്ലെറ്റിൽ ഏതെങ്കിലും വിധത്തിലുള്ള വ്യക്തി വിവരങ്ങളോ അടയാളപ്പെടുത്തലോ പാടില്ല.
6. ബുക്ക്ലെറ്റ് ഇൻവിജിലേറ്ററെ ഏൽപ്പിച്ചതിനുശേഷം മാത്രമേ പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടുള്ളൂ.

## ഒന്നാം ഭാഷ- മലയാളം

1. താഴെക്കൊടുത്തവയിൽ തെറ്റായ ജോഡി ഏത് ?

എ) ആശംസ - വൈലോപ്പിള്ളി

ബി) പാവയൂണ് - വി എം ഗിരിജ

സി) സമഭാവന - സഹോദരൻ അയ്യപ്പൻ

ഡി) കാട്ടിലോടുന്ന തീവണ്ടി - വിഷ്ണുപ്രസാദ്

2. **ആശയം 1.** ലോകമാകെ ഒരു വീടാണ്. ആകാശമാകുന്ന വലിയകുടയുടെ കീഴിലുള്ള ഒരു വീട്.

**ആശയം 2.** ഈ ലോകത്തിലെ മനുഷ്യരെല്ലാം ഒറ്റ നൂലിൽ കോർത്ത് പല വർണങ്ങളിലുള്ള പട്ടങ്ങളാണ്.

മേൽ സൂചിപ്പിച്ച ആശയങ്ങൾ പാഠപുസ്തകത്തിലെ രചനകളിലൂടെ നാം പരിചയപ്പെട്ടിരുന്നല്ലോ. അവ യഥാക്രമം താഴെകൊടുത്തതിൽ ഏതൊക്കെയാണ് ? .

എ) ഇഷ്ടം - യുദ്ധം അത്ര നല്ലതല്ല

ബി) വാവ ജീവനെക്കാക്കുന്നു - ഹലോ ഉറക്കെപ്പാടൂ

സി) ഹലോ ഉറക്കെപ്പാടൂ - തെയ്യത്തിന്തക

ഡി) വാവ ജീവനെക്കാക്കുന്നു - ഇഷ്ടം

3. അവരുടെ തീരുമാനത്തോട് അയാൾ **നീരസം** പ്രകടിപ്പിച്ചു.

അടിവരയിട്ട പദത്തിന്റെ അർത്ഥം താഴെക്കൊടുത്തവയിൽ ഏതാണ് ?

എ) സംതൃപ്തനായി

ബി) ഗൗരവത്തോടെ ഉൾക്കൊണ്ടു

സി) അംഗീകരിച്ചു

ഡി) അതൃപ്തി വ്യക്തമാക്കി

4. താഴെക്കൊടുത്ത പദങ്ങളിൽ ശരിയായി എഴുതിയ പദങ്ങൾ ഏതൊക്കെ ?

i. സായാഹ്ന സഭ

ii. തക്രിതിയായി

iii. പ്രായപരിദി

iv. പ്രഖ്യാപനം

എ) 1 ഉം 2 ഉം ശരി

സി) 1 ഉം 4 ഉം ശരി

ബി) 2 ഉം 3 ഉം ശരി

ഡി) എല്ലാം ശരി

5. 'കാലൊന്നുളുക്കി' പിരിച്ചെഴുതിയാൽ

എ) കാല് + ഒന്ന് + ഉളുക്കി

സി) കാലൊന്നു + ളുക്കി

ബി) കാലൊന്നു + ഉളുക്കി

ഡി) കാല് + ഉളുക്കി

6. താഴെക്കൊടുത്ത വാക്യത്തിൽ അനുയോജ്യമായ ക്രമത്തിലെഴുതിയ ചിഹ്നങ്ങളുടെ കൂട്ടം ഏത് ?

അയാൾ മാനത്തേക്ക് നോക്കി [ ] മരങ്ങൾക്കിടയിൽ [ ] വലിയൊരു വെള്ളിത്തുട്ടു പോലെ തിളങ്ങുന്ന ചന്ദ്രൻ [ ]

എ) [ . , ! ] [ ]

ബി) [ , ! . ] [ ]

സി) [ – , ? ] [ ]

ഡി) [ ‘ – ! ] [ ]

7. ‘ചിറകുമുളച്ചു ’ എന്ന പ്രയോഗം തെറ്റായി ഉപയോഗിച്ച വാക്യമേത്?

എ) എന്റെ ഭാവനക്ക് ചിറകുമുളച്ചപ്പോൾ ഞാൻ നല്ലൊരു കവിതയെഴുതി [ ]

ബി) പുതിയൊരു സൈക്കിൾ കിട്ടിയപ്പോൾ എന്റെ യാത്രാമോഹത്തിന് ചിറകുമുളച്ചു. [ ]

സി). പരീക്ഷയിൽ പരാജയപ്പെട്ടപ്പോൾ അമ്മ വഴക്കുപറഞ്ഞതുകേട്ട് അവളുടെ സ്വപ്നങ്ങൾക്ക് ചിറകുമുളച്ചു. [ ]

ഡി). പട്ടാളക്കാരനാകണമെന്ന മോഹത്തിന് ചിറകുമുളച്ചപ്പോൾ അവൻ നന്നായി പ്രയത്നിച്ചു. [ ]

8. നല്ല ചന്തമാറിക്കാറ്റ്

നല്ല നല്ല ചന്തമാളിക്കാറ്റ്

ഈ ഗോത്ര കവിത ഏത് ഭാഷയിൽ എഴുതിയതാണ് ?

എ) മുതുവാൻ [ ] സി) കൊങ്ങിണി [ ]

ബി) കാടർ [ ] ഡി) മലായ് [ ]

.9. കറുമ്പിപ്പയ്യ് എന്ന കവിതയുടെ താളം ?

എ) മഞ്ജരി [ ] സി) വഞ്ചിപ്പാട്ട് [ ]

ബി) താരാട്ട് [ ] ഡി) മർമ്മതാളം [ ]

10. ‘നക്ഷത്രങ്ങളിലേക്ക് മിഴിയുയർത്തുക’എന്ന പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നത് ?

എ) മുകളിലേക്ക് നോക്കുക [ ]

ബി) രാത്രിയിൽ ആകാശം നിരീക്ഷിക്കുക [ ]

സി) കൂടുതൽ ഉയരത്തിലേക്ക് സഞ്ചരിക്കുക. [ ]

ഡി) വലിയ സ്വപ്നങ്ങൾ കാണുക [ ]

# ENGLISH

Read the passage and answer the following questions.

In a small village, a young child noticed that some families did not have enough food. Instead of ignoring the problem, the child decided to help. The child spoke to friends and neighbours and asked them to share a little food from their homes. Soon, rice, vegetables, and fruits were collected.

Every afternoon, the child and friends carried the food together and gave it to the needy families. No one asked for praise or reward. The child felt happy because helping others brought joy and hope to the village. Slowly, the people learned that sharing and teamwork could change lives.

11. What is the main message of the passage?

    A. Children should collect food ☐

    B. Villages face many problems ☐

    C. Sharing and kindness can help others ☐

    D. Food should be saved ☐

12. The word "collected" in the passage means ..............

    A. Cooked ☐

    B. Gathered ☐

    C. Saved ☐

    D. Shared ☐

13. Choose the statement that is TRUE according to the passage.

    A. The child ignored the problem because it was difficult to solve. ☐

    B. The child collected food alone without help from others. ☐

    C. The people helped only to get praise and reward. ☐

    D. The child and friends shared food with needy families every afternoon. ☐

14. Read the sentences given below. Choose the correct order in which the events happened in the passage.

A. Food was given to the needy families.

B. The child spoke to friends and neighbours for help.

C. The child noticed that some families lacked food.

D. Rice, vegetables, and fruits were collected.

Which is the correct sequence?

A. C ’! B ’! D ’! A

B. B ’! C ’! D ’! A

C. C ’! D ’! B ’! A

D. B ’! D ’! C ’! A

15. When a sound was heard from outside, the little girl **looked** secretly through the window.

Find another word for the underlined words.

A. Pulled out

B. Peeped out

C. Spread out

D. Turned out

16. Choose the correct set of rhyming pairs.

A. Took–book, slow–sing, walk–talk

B. Slow–glow, took–look, walk–talk

C. Book–walk, took–talk, sing–slow

D. Sing–book, took–look, walk–talk

17. Choose the correctly spelt word.

A. Numerous

B. Numarous

C. Numeres

D. Numerouse

18. Some words with similar meaning are given below. Identify the false one.

A. remember--- recall

B. grab --- snatch

C. admit .--- deny

D. realise --- understand

19. Choose the correct describing word (adjective) to complete the sentence.

The ..................... cat climbed the wall.

A. quickly

B. jump

C . climb

D. black

20. "Alone we can do so little, Together we can do so much" means,

A. All that glitters is not gold.

B. Where there is a will, there is a way.

C. Unity is strength.

D. Look before you leap.

# ഗണിതം

21. തോമസും കൂട്ടുകാരും സംഖ്യാകാർഡുകൾ കൊണ്ട് കളിക്കുകയാണ്. 4, 2, 8, 5 എന്നിവയാണ് തോമസിന് ലഭിച്ച അക്കങ്ങൾ. ഇവ ഉപയോഗിച്ച് നിർമ്മിക്കാവുന്ന ഏറ്റവും വലിയ നാലക്ക സംഖ്യയും ഏറ്റവും ചെറിയ നാലക്ക സംഖ്യയും തമ്മിലുള്ള വ്യത്യാസമായി വരുന്ന സംഖ്യ

എ) 6000 നും 6050 നും ഇടയിലാണ്

ബി) 6050 നും 6100 നും ഇടയിലാണ്

സി) 6100 നും 6200 നും ഇടയിലാണ്

ഡി) 6200 നും 6300 നും ഇടയിലാണ്

22. 820 പത്തുകൾ , + 41 ഒന്നുകൾ എന്നതിന്റെ ഉത്തരമായി വരുന്ന സംഖ്യയുടെ ചില പ്രത്യേകതകൾ ചുവടെ കൊടുത്തിരിക്കുന്നു. ശരിയായ പ്രത്യേകതകൾ ഏതൊക്കെയാണ്?

i) അക്കങ്ങളുടെ തുക 15 ആണ്.

ii) പത്തിന്റെയും ഒന്നിന്റെയും സ്ഥാനത്തെ അക്കങ്ങൾ ചേർന്ന സംഖ്യ ആയിരത്തിന്റെയും നൂറിന്റെയും സ്ഥാനത്തെ അക്കങ്ങൾ ചേർന്ന സംഖ്യയുടെ പകുതിയാണ്

iii) 8100 ത്തിനും 9000 ത്തിനും ഇടയിൽ ആണ്.

iv) 824 നൂറുകൾ ഉണ്ട്.

എ) i ഉം ii ഉം മാത്രം

ബി) ii ഉം iii ഉം മാത്രം

സി) i, ii, iii എന്നിവ മാത്രം

ഡി) എല്ലാം ശരിയാണ്.

23. 50 നൂറ്, 50 പത്ത്, 50 ഒന്ന് ചേർന്നുവരുന്ന നാലക്ക സംഖ്യയ്ക്ക് തുല്യമായി വരുന്നത് ഏതാണ്?

എ) 5 ആയിരം, 50 നൂറ്

ബി) 10 അഞ്ഞൂറ്, 10 നൂറ്, 2 ഇരുനൂറ് , 1 അൻപത്

സി) 5 അഞ്ഞൂറ്, 9 നൂറ്, 3 ഇരുനൂറ്

ഡി) 10 അഞ്ഞൂറ്, 2 ഇരുനൂറ്, 1 നൂറ്, 1 അൻപത്

24. 12 വരികളിലായി അടുക്കിയിരുന്ന 48 ടോക്കണുകൾ, 8 വരികളിലേക്ക് മാറ്റിയാൽ ഒരു നിരയിലെ ടോക്കണുകളുടെ എണ്ണത്തിൽ എത്ര വ്യത്യാസം വരും?

എ) 2

ബി) 6

സി) 4

ഡി) 8

25. 1 + (1 × 9) = 10, 2 + (2 × 9) = 20 എങ്കിൽ 78 + (78 × 9) = എത്ര?

എ) 1000 - 220

ബി) 500 + 200

സി) 1000 + 100

ഡി) 1000 - 500

26. A+B+C = D, A×B×C = D എങ്കിൽ D × D = F എത്രയാണ് ?

എ) 44

ബി) 56

സി) 15

ഡി) 36

27. 5000 മുതൽ 6000 വരെ എത്ര ഇരുവഴി (മുന്നിൽ നിന്നും പിന്നിൽ നിന്നും ഒരുപോലെ വായിക്കാൻ കഴിയുന്ന)സംഖ്യകളുണ്ട്.?


എ) 11

ബി) 10

സി) 15

ഡി) 20

28. ഈ രൂപത്തിൽ ആകെ എത്ര സമചതുരങ്ങൾ ഉണ്ട് ?



എ) 12

ബി) 15

സി) 21

ഡി) 16

29. തേജസ്സ് ഒരു കടയിൽ നിന്നും ബാഗും കുടയും നോട്ടുപുസ്തകങ്ങളും വാങ്ങി. ആകെ 2550 രൂപയായി. 3000 രൂപ കടക്കാരന് നൽകി. കടക്കാരൻ ബാക്കി നൽകാൻ സാധ്യതയുള്ള നോട്ടുകൾ ഏതൊക്കെയാണ്.

i) 5 നൂറ്, 5 പത്ത്

ii) 2 ഇരുന്നൂറ്, 5 പത്ത്

iii) 1 ഇരുന്നൂറ്, 5 അൻപത്

iv) 3 നൂറ്, 5 പത്ത്


എ) i ഉം ii ഉം മാത്രം

ബി) ii ഉം iii ഉം മാത്രം

സി) i, ii, iii എന്നിവ മാത്രം

ഡി) എല്ലാം ശരിയാണ് .

30. ഒരു കലണ്ടറിലെ കളങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.




ചോദ്യചിഹ്നമിട്ട കളത്തിലെ തിയ്യതി ഏതാണ്?

എ) 11

ബി) 15

സി) 10

ഡി) 5

# പരിസരപഠനം

31. മത്സ്യത്തിന്റെ അനുകൂലനങ്ങളിൽ ശരിയായ പ്രസ്താവനകൾ ഏതൊക്കെ ?

1) ജലത്തിൽ തുഴയുന്നതിന് അനുയോജ്യമായ ചിറകുകൾ

2) ശൽക്കങ്ങൾ ഉപയോഗിച്ച് ശ്വസിക്കുന്നു.

3) തോണിയുടേതു പോലെ രണ്ടറ്റവും കൂർത്ത ശരീരാകൃതി

4) ബാഹ്യകർണ്ണങ്ങൾ കഴുത്ത് ഇവ ഉള്ളതിനാൽ ജലത്തിലൂടെ തടസ്സമില്ലാതെ നീന്തുന്നു.

എ) ഒന്നും രണ്ടും ശരിയാണ് ☐

ബി) രണ്ടും മൂന്നും ശരിയാണ് ☐

സി) ഒന്നും മൂന്നും ശരിയാണ് ☐

ഡി) എല്ലാം ശരിയാണ് ☐

32. താഴെ തന്നിരിക്കുന്നവയിൽ ശരിയായ പ്രസ്താവനകൾ കണ്ടെത്തുക.

1) വില്ലടിച്ചാൻ പാട്ട് മണവാളന്റെ ഗുണഗണങ്ങൾ പാടിയാണ് ആരംഭിക്കുന്നത്.

2) കേരളീയ വേഷം ധരിച്ച സ്ത്രീകൾ വട്ടത്തിൽനിന്ന് പാട്ടുപാടി തിരുവാതിര കളിക്കുന്നു.

3) നായാട്ട്, തൊഴിൽ, അനുഷ്ഠാനങ്ങൾ എന്നിങ്ങനെ ജീവിതവുമായി ബന്ധപ്പെട്ട ഏതു കാര്യവും മംഗലംകളി പാട്ടിന്റെ വിഷയമാകാം.

4) മാർഗംകളിക്ക് കേരളീയ ചരിത്രം വിവരിക്കുന്ന ഗാനങ്ങളാണ് ആലപിക്കുന്നത്.

എ) ഒന്നും രണ്ടും ശരിയാണ് ☐

ബി) രണ്ടും മൂന്നും ശരിയാണ് ☐

സി) ഒന്നും മൂന്നും ശരിയാണ് ☐

ഡി) എല്ലാം ശരിയാണ് ☐

33. ശരിയായ കൂട്ടം ഏത്?

| 1 | 2 | 3 | 4 |
|---|---|---|---|
| കേരളം | തമിഴ്നാട് | ഉത്തർപ്രദേശ് | കർണ്ണാടക |
| തിരുവനന്തപുരം | ചെന്നൈ | ലക്നൗ | ഗാന്ധിനഗർ |
| കഥകളി | കുച്ചിപ്പുടി | കഥക് | ഭരതനാട്യം |
| മലയാളം | തമിഴ് | ഹിന്ദി | കന്നട |

എ) ഒന്നും നാലും ശരിയാണ് ☐

ബി) രണ്ടും മൂന്നും ശരിയാണ് ☐

സി) ഒന്നും മൂന്നും ശരിയാണ് ☐

ഡി) എല്ലാം ശരിയാണ് ☐

34. **പ്രസ്താവന:** ചന്ദ്രന്റെ പ്രകാശിതമായ ഭാഗം പൂർണ്ണമായും ഭൂമിക്ക് അഭിമുഖമായി വരുന്ന ദിനമാണ് പൗർണ്ണമി.

**കാരണം:** ഭൂമിയിൽ നിന്ന് നോക്കുമ്പോൾ സൂര്യനും ചന്ദ്രനും എതിർ ദിശയിൽ നിലകൊള്ളുന്നതിനാൽ ചന്ദ്രന്റെ സൂര്യപ്രകാശമേൽക്കുന്ന ഭാഗം പൂർണ്ണമായി ഭൂമിയിൽ നിന്നും ദൃശ്യമാകുന്നു.

എ) പ്രസ്താവനയും കാരണവും ശരിയാണ്. കാരണം പ്രസ്താവനയുടെ ശരിയായ വിശദീകരണമാണ്. ☐

ബി) പ്രസ്താവന ശരിയാണ്. കാരണം പ്രസ്താവനയുടെ ശരിയായ വിശദീകരണമല്ല. ☐

സി) പ്രസ്താവനയും കാരണവും തെറ്റാണ്. ☐

ഡി) പ്രസ്താവന തെറ്റാണ്. കാരണം ഭാഗികമായി ശരിയാണ്. ☐

35. ഇന്ത്യൻ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട താഴെ പറയുന്ന സംഭവങ്ങളെ അവ നടന്ന സമയക്രമത്തിൽ (ആദ്യം നടന്നത് മുതൽ അവസാനം നടന്നതുവരെ) ശരിയായി ക്രമീകരിച്ചത് ഏത്?

1) ഉപ്പ് സത്യാഗ്രഹം

2) ജാലിയൻ വാലാബാഗ് കൂട്ടക്കൊല

3) ക്വിറ്റ് ഇന്ത്യാസമരം

4) മലബാർ കലാപം

എ) 2, 1, 3, 4 ☐

ബി) 1, 2, 4, 3 ☐

സി) 4, 1, 2, 3 ☐

ഡി) 2, 4, 1, 3 ☐

36. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത നേതാക്കളും അവർ അറിയപ്പെടുന്ന പേരുകളുമാണ് ചുവടെ കൊടുത്തിരിക്കുന്നത്. യോജിച്ചവ കണ്ടെത്തുക.

1) അതിർത്തിഗാന്ധി - വക്കം അബ്ദുൾഖാദർ മൗലവി

2) കേരളഗാന്ധി - കെ കേളപ്പൻ

3) ഉരുക്കുമനുഷ്യൻ - ബാലഗംഗാധര തിലക്

4) നേതാജി - സുഭാഷ് ചന്ദ്രബോസ്

എ) ഒന്നും രണ്ടും ശരിയാണ് ☐

ബി) രണ്ടും മൂന്നും ശരിയാണ് ☐

സി) രണ്ടും നാലും ശരിയാണ് ☐

ഡി) എല്ലാം ശരിയാണ് ☐

37. താഴെ കൊടുത്ത പ്രസ്താവനകളിൽ നിന്നും പക്ഷികളെ സംബന്ധിച്ച് ശരിയായ പ്രസ്താവന ഏത്?

1) വിത്തു വിതരണത്തിന് പക്ഷികൾ സഹായിക്കുന്നു.

2) സസ്യവൈവിധ്യം നിലനിർത്താൻ പക്ഷികൾ സഹായിക്കുന്നു.

3). പക്ഷികളെ കൊണ്ട് കർഷകന് യാതൊരു പ്രയോജനവുമില്ല.

4). എല്ലാ പക്ഷികൾക്കും വ്യത്യസ്തങ്ങളായ അനുകൂലനങ്ങളാണ്.

എ) ഒന്നും രണ്ടും മൂന്നും ശരിയാണ് ☐

ബി) ഒന്നും രണ്ടും നാലും ശരിയാണ് ☐

സി) രണ്ടും മൂന്നും ശരിയാണ് ☐

ഡി) എല്ലാം ശരി ☐

38. ദ്രാവകങ്ങളുടെ സവിശേഷതകളിൽ ശരിയായവ ഏതൊക്കെ?

1) സ്ഥിതി ചെയ്യാൻ സ്ഥലം ആവശ്യമാണ്

2) ദ്രാവകങ്ങൾക്ക് ഭാരമില്ല

3). ദ്രാവകങ്ങൾക്ക് നിശ്ചിത ആകൃതിയില്ല

4). ദ്രാവകങ്ങൾ ഒഴുകുന്നവയല്ല.

എ) ഒന്നും രണ്ടും ശരിയാണ് ☐

ബി) രണ്ടും മൂന്നും ശരിയാണ് ☐

സി) രണ്ടും മൂന്നും നാലും ശരിയാണ് ☐

ഡി) ഒന്നും മൂന്നും ശരിയാണ്. ☐

39. ഭൂമിയുടെ രണ്ട് ചലനങ്ങൾ തമ്മിലുള്ള ബന്ധത്തെ ശരിയായി വിശദീകരിക്കുന്ന പ്രസ്താവന കൾ ഏതൊക്കെ?

1). ഭ്രമണത്തിന് 24 മണിക്കൂർ എടുക്കും

2). പരിക്രമണത്തിന് $365\frac{1}{4}$ ദിവസം എടുക്കും

3). ഭ്രമണം മൂലം പകലും രാത്രിയും ഉണ്ടാകുന്നു.

4). ഭൂമി സ്വയം കറങ്ങുന്നതിനോടൊപ്പം സൂര്യനെ ചുറ്റുകയും ചെയ്യുന്നു.

എ) ഒന്ന് മൂന്ന് ശരിയാണ് ☐

ബി) ഒന്ന് നാല് ശരിയാണ് ☐

സി) മുകളിൽ പറഞ്ഞവയെല്ലാം ശരിയാണ് ☐

ഡി) ഒന്ന് രണ്ട് ശരിയാണ്. ☐

40. വ്യത്യസ്ത ആവാസ വ്യവസ്ഥയിൽ ജീവിക്കുന്ന ജീവികളും അവയുടെ അനുകൂലനങ്ങളുമാണ് ചുവടെ കൊടുത്തിരിക്കുന്നത്. ശരിയായ ജോഡികൾ ഏതെല്ലാം?

| | |
|---|---|
| 1) ഒട്ടകം | a) ചെകിളപ്പൂക്കൾ |
| 2) മത്സ്യം | b) ത്വക്കിനടിയിലെ കൊഴുപ്പ് |
| 3) താറാവ് | c) മുതുകിലെ കൊഴുപ്പ് |
| 4) പെൻഗ്വിൻ | d) ചർമ്മബന്ധിതമായ വിരലുകൾ |

എ) 1- c, 2- c, 3-a, 4-b ☐

ബി) 1- c, 2-a, 3-d, 4-b ☐

സി) 1- d, 2-c, 3-a, 4-b ☐

ഡി) 1- c, 2 -a, 3-b, 4-d ☐

# പൊതുവിജ്ഞാനം

41. കൂരിരുട്ടിന്റെ കിടാത്തിയെന്നാൽ
സൂര്യപ്രകാശത്തിനുറ്റ തോഴി
ചീത്തകൾ കൊത്തി വലിക്കുകിലു-
മേറ്റവും വൃത്തിവെടിപ്പെഴുന്നോൾ

വരികൾ വായിച്ച് ഇതിൽ പരാമർശിച്ചിരിക്കുന്ന പക്ഷിയെ തിരിച്ചറിയുക.

എ) തത്ത

ബി) കാക്ക

സി) വേഴാമ്പൽ

ഡി) മയിൽ

42. ആരുടെ ഔദ്യോഗിക വസതിയുടെ പുതിയ പേരാണ് ലോക്ഭവൻ

എ) മുഖ്യമന്ത്രി

ബി) രാഷ്ട്രപതി

സി) പ്രതിപക്ഷനേതാവ്

ഡി) ഗവർണർ

43. ശരിയായ ജോഡി കണ്ടെത്തുക.

| | **ജില്ല** | **നദി** |
|---|---|---|
| എ) | കാസർഗോഡ് | 1) കല്ലായി |
| ബി) | കോഴിക്കോട് | 2) പമ്പ |
| സി) | കോട്ടയം | 3) തേജസ്വിനി |
| ഡി) | തിരുവനന്തപുരം | 4) നെയ്യാർ |
| | | 5) മീനച്ചിലാറ് |

| | | | | |
|---|---|---|---|---|
| എ) | എ-3 | ബി- 1 | സി- 5 | ഡി- 4 |
| ബി) | എ-4 | ബി- 2 | സി- 5 | ഡി- 3 |
| സി) | എ-1 | ബി- 5 | സി- 2 | ഡി- 3 |
| ഡി) | എ-5 | ബി- 2 | സി- 3 | ഡി- 1 |

44. താഴെ പറയുന്നവ ശ്രദ്ധിച്ച് വായിക്കുക.

i) കേരളം 1956 നവംബർ 1 ന് രൂപീകൃതമായി

ii) അന്ന് 5 ജില്ലകളാണുണ്ടായത്.

iii) കേരളത്തിൽ 44 നദികളാണുള്ളത്.

iv) ഇന്ത്യയിലെ ഏറ്റവും വലിയ സംസ്ഥാനമാണ് കേരളം.

v) യക്ഷഗാനമാണ് തനതുകലാരൂപം.

ഇവയിൽ നിന്നും കേരളവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ കണ്ടെത്തുക.

എ) i ഉം ii ഉം iii ഉം ശരി

ബി) ii ഉം iv ഉം v ഉം ശരി

സി) iii ഉം iv ഉം v ഉം ശരി

ഡി) എല്ലാം ശരി

45. പക്ഷികളെക്കുറിച്ചുള്ള ശാസ്ത്രീയപഠനത്തിന് പറയുന്ന പേരെന്ത് ?

എ) സെലനോളജി

ബി) എന്റമോളജി

സി) ഹൈഡ്രോളജി

ഡി) ഓർണിത്തോളജി

46. തന്നിരിക്കുന്ന സൂചകങ്ങളിൽനിന്ന് വ്യക്തിയെ തിരിച്ചറിയുക.

i) ഗുജറാത്തിലെ പോർബന്തറിൽ ജനിച്ചു.

ii) എന്റെ ജീവിതമാണ് എന്റെ സന്ദേശം

iii) 1925 ൽ ശ്രീനാരായണഗുരുവിനെ സന്ദർശിച്ചു.

iv) ദക്ഷിണാഫ്രിക്കയിൽവച്ച് വർണ്ണവിവേചനം നേരിട്ടു.

എ) ജവഹർലാൽ നെഹ്റു

ബി) രവീന്ദ്രനാഥ ടാഗോർ

സി) നെൽസൺ മണ്ടേല

ഡി) മഹാത്മാഗാന്ധി

47. കുട്ടികളിലെ ഭൂമിശാസ്ത്രപരമായ അറിവ് വർധിപ്പിക്കുന്നതിനായി ICT പുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള എഡ്യുക്കേഷണൽ സോഫ്റ്റ് വെയർ ഏതാണ് ?.

എ) ജിയോജിബ്ര

ബി) കെജ്യോഗ്രാഫി

സി) ടാസ്ക് പെയിന്റ്

ഡി) ജെഫ്രക്ഷൻ ലാബ്

48. താഴെ തന്നിരിക്കുന്ന വ്യക്തികളിൽ ദാദാസാഹിബ് ഫാൽക്കേ പുരസ്കാരം ലഭിച്ച വ്യക്തിയെ തിരിച്ചറിയുക.

എ) ശ്രീനിവാസൻ

ബി) മമ്മൂട്ടി

സി) ജെ സി ഡാനിയേൽ

ഡി) മോഹൻലാൽ

49. കേരളത്തെ അതിദാരിദ്ര്യ വിമുക്ത സംസ്ഥാനമായി പ്രഖ്യാപിച്ചതെപ്പോഴാണ് ?

എ) 2025 നവംബർ 1

ബി) 1956 നവംബർ 1

സി) 1975 നവംബർ 1

ഡി) 1995 നവംബർ 1

50. 2026 ഫിഫ ലോകകപ്പിന് വേദിയാകാത്ത രാജ്യമേത് ?

എ) യുണൈറ്റഡ് സ്റ്റേറ്റ്സ്

ബി) മെക്സിക്കോ

സി) ഫ്രാൻസ്

ഡി) കാനഡ